പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1735

10.02.2020-ൽ
മറുപടിയ്ക്ക്

# ഐ.എച്ച്.ആർ.ഡി. കോളേജുകളുടെ പ്രവർത്തനം

*ചോദ്യം*

ഡോ.എൻ. ജയരാജ്

*ഉത്തരം*

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും
വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ആവശ്യമായ സ്ഥലം ലഭിക്കാതെ തുടർപ്രവർത്തനങ്ങൾക്ക് തടസം നേരിട്ടുകൊണ്ടിരിക്കുന്നവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | താഴെ പറയുന്ന ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങൾക്ക് സ്ഥല പരിമിതിമൂലം അഫിലിയേഷൻ തുടർന്ന് നൽകുന്നതിന് എം.ജി. യൂണിവേഴ്സിറ്റി തടസ്സം ഉന്നയിച്ചിട്ടുണ്ട്.<br>1) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കാഞ്ഞിരപ്പള്ളി.<br>2) കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, കട്ടപ്പന<br>3)കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, പുത്തൻവേലിക്കര. |
| (ബി) | കാഞ്ഞിരപ്പള്ളിയിൽ ഐ.എച്ച്.ആർ.ഡി. കോളേജ് അനുവദിച്ചപ്പോൾ പ്രസ്തുത കോളേജിന് ആവശ്യമായ സ്ഥലം ആര് ലഭ്യമാക്കണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 25/05/2009 - ൽ അന്നത്തെ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ വച്ച് നടത്തിയ മീറ്റിംഗിൽ കാഞ്ഞിരപ്പള്ളി ഗവ. ഹൈസ്കൂൾ പ്രവർത്തിച്ച വരുന്ന കാമ്പസിൽ നിന്നും 1.8 ഏക്കർ സ്ഥലം മുപ്പത് വർഷത്തേയ്ക്ക് ഐ.എച്ച്.ആർ.ഡി.യ്ക്ക് അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായി പാട്ടത്തിന് |

| | | | |
|---|---|---|---|
| | | | നൽകുവാൻ തീരുമാനിച്ചിരുന്നു. ബന്ധപ്പെട്ട മീറ്റിംഗിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതുമായി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിന് പരിമിതിയുള്ള പക്ഷം പ്രസ്തുത കോളേജ് എങ്ങനെ മുൻപോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | ജനപ്രതിനിധികളും ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം കോളേജിന് ലഭ്യമാക്കുന്നതിന് വേണ്ടി ഐ.എച്ച്.ആർ.ഡി നിരന്തരം ശ്രമങ്ങൾ നടത്തിയെങ്കിലും ഇതുവരെ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. സ്വന്തമായി സ്ഥലം വിലകൊടുത്ത് വാങ്ങുന്നതിനുള്ള സാമ്പത്തിക സ്ഥിതി നിലവിൽ ഐ.എച്ച്.ആർ.ഡി.യ്ക്ക് ഇല്ല. ഇതുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ഡി) | ആവശ്യമായ അഞ്ച് ഏക്കർ സ്ഥലം ലഭിക്കാതെ അഫിലിയേഷൻ തുടരാൻ സാധ്യമല്ലെന്ന എം.ജി യൂണിവേഴ്സിറ്റിയുടെ അറിയിപ്പ് ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | | |
| (ഇ) | സാങ്കേതിക സ്ഥാപനങ്ങൾ ഒട്ടുമില്ലാത്ത പ്രദേശമെന്ന നിലയിൽ പ്രസ്തുത സർക്കാർ സ്ഥാപനം കാഞ്ഞിരപ്പള്ളിയിൽ തന്നെ നിലനിർത്തുന്നതിന് 5 ഏക്കർ സ്ഥലമെന്ന മാനദണ്ഡത്തിൽ ഇളവ് വരുത്താൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഈ വിഷയം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡത്തിൽ ഇളവ് വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിക്കേണ്ടത് ബന്ധപ്പെട്ട യൂണിവേഴ്സിറ്റിയാണ്. |

സെക്ഷൻ ഓഫീസർ

പ്രമാണരേഖ

- 1 -

7528 1091/HRD

## Minutes of the Meeting held in the office of the Honb'le Minister for Education on 25/05/09 regarding starting BSc. (Applied Science) cources by IHRD at Govt. High School, Pettah, Kanjirappally.

INSTITUTE OF HUMAN RESOURCES DEVEL... 30 MAY 2009 TRIVANDRUM

**Present**

1. Hon'ble Minister for Education.
2. Secretary, General Education Department.
3. Alphons Kannanthanam, MLA.
4. V. Subramony, Director, IHRD.

**Decisions**

1. Since Kanjirappaly area lacks institutions of high learning, it is purposed that IHRD will start a centre of excellence in higher education at Kanjirappally.
2. 1.80 acres of land in Sy. No. 253/5 and 254/4 in Block No. II, Kanjirappally Village, Kottayam District, where the Govt. High School, Petah, Kanjirappally is located will be given on thirty years nominal lease to IHRD for starting BSc. (Applied Science) course in 2009 itself.
3. IHRD will start and run these courses without any financial commitment to Government.

28 MAY 2009
M. A. BABY
Minister for Education & Culture

സാക്ഷ്യപ്പെടുത്തിയത്